(സി) പെൻഷൻകാർക്ക് ഇന്നു നൽകിവരുന്ന മെഡിക്കൽ അലവൻസ് കാലോചിതമായി പരിഷ്കരിക്കുന്നതിനും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെൻഷൻകാരുടെ വിവിധ സംഘടനകൾ വഴിയും പെൻഷൻകാർ വെവ്വെറെയായും ഉന്നയിക്കുന്ന ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പെൻഷൻ വർദ്ധിപ്പിക്കുക, മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കുക, ഒരു മാസത്തെ പെൻഷൻ ഉത്സവബത്തയായി അനുവദിക്കുക, പെൻഷൻ നിയമം പരിഷ്ക്കരണം, ചികിത്സാ പദ്ധതി, ക്ഷേമനിധി തുടങ്ങിയവയാണ് പ്രധാനപ്പെട്ട ആവശ്യങ്ങൾ.

(ബി) കേന്ദ്രത്തിൽ പത്തു വർഷത്തിലൊരിക്കൽ പെൻഷൻ പരിഷ്ക്കരണം നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് അഞ്ചു വർഷത്തിലൊരിക്കൽ പെൻഷൻ പരിഷ്ക്കരണം നടത്തുന്നുണ്ട്. നിയമപ്രകാരം മിനിമം പെൻഷന് അർഹതയില്ലാത്ത ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ പെൻഷൻ പദ്ധതി അനുവദിച്ചിട്ടുണ്ട്. ചികിത്സാ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ അലവൻസ് നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടിയായി 1997-ൽ വർദ്ധിപ്പിക്കുകയും അർഹതയുള്ള പ്രായപരിധി 65-ൽനിന്നും 60 ആയി ചുരുക്കുകയും ചെയ്തിട്ടുണ്ട്. 1999-ൽ പെൻഷൻകാർക്ക് 275 രൂപ പ്രത്യേക ഉത്സവബത്ത നൽകിയിട്ടുണ്ട്. പെൻഷൻ നിയമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്ഷേമനിധിപോലെ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന നിർദ്ദേശങ്ങൾ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെടുത്തി മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

(സി) പരിശോധിക്കുന്നതാണ്.

7 (1048) സംസ്ഥാന സർക്കാർ നൽകിയ വായ്പ

ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98, 1998-99 എന്നീ ഓരോ വർഷവും സംസ്ഥാന ഗവൺമെന്റ് എന്തു തുക വായ്പയായി കൊടുത്തു;

(ബി) ഈ ഓരോ വർഷവും വായ്പ നൽകിയ വകയിൽ പലിശയിനത്തിൽ എന്തു തുക വരുമാനമുണ്ട്;

(സി) ഇതേ കാലഘട്ടത്തിൽ ഓരോ വർഷവും സംസ്ഥാന ഗവൺമെന്റ് എന്തു തുക വീതം വായ്പ എടുത്തു;

(ഡി) സംസ്ഥാന ഗവൺമെന്റ് എടുത്ത വായ്പയിൽമേൽ ഈ കാലയളവിൽ ഓരോ വർഷവും എന്തു തുക വീതം പലിശ ഇനത്തിൽ ചെലവു വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത വർഷങ്ങളിൽ വായ്പകളും മുൻകൂറുകളുമായി സർക്കാർ നൽകിയ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

1995-96	-	368.11 കോടി രൂപ
1996-97	-	341.02 കോടി രൂപ
1997-98	-	588.35 കോടി രൂപ
1998-99	-	397.67 കോടി രൂപ

(ബി) ഓരോ വർഷവും വായ്പ നൽകിയ വകയിലുള്ള പലിശ ഇനത്തിലെ വരവ് ബജറ്റിൽ പ്രത്യേകം അക്കൗണ്ട് ചെയ്യുന്നില്ല. പലിശയിനത്തിലെ ആകെ വരവിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

1995-96	-	100.32 കോടി രൂപ
1996-97	-	55.73 കോടി രൂപ
1997-98	-	53.48 കോടി രൂപ
1998-99	-	70.96 കോടി രൂപ

(സി) ആഭ്യന്തര വായ്പകൾ, കേന്ദ്രസർക്കാരിൽനിന്നുള്ള വായ്പകൾ, മുൻകൂറുകൾ എന്നിവയിൽ ലഭിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

1995-96	-	1083.09 കോടി രൂപ
1996-97	-	1049.73 കോടി രൂപ
1997-98	-	1241.55 കോടി രൂപ
1998-99	-	1706.58 കോടി രൂപ

(ഡി) പ്രസ്തുത കാലയളവിൽ മേൽപ്പറഞ്ഞ ഇനത്തിൽപ്പെട്ട വായ്പകൾക്കും മുൻകൂറുകൾക്കുമുള്ള പലിശയിനത്തിൽ ചെലവായ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു. ഇതിൽ 94-95 വരെ ലഭിച്ച വായ്പകളുടെയും മുൻകൂറുകളുടെയും പലിശയും ഉൾപ്പെടും.

1995-96	-	671.70 കോടി രൂപ
1996-97	-	812.24 കോടി രൂപ
1997-98	-	932.90 കോടി രൂപ
1998-99	-	1069.58 കോടി രൂപ

8 (1049) നികുതിയേതര വരുമാനം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റ് അധികാരത്തിൽവന്ന വർഷം മുതൽ അധികാരം ഒഴിയുന്നതുവരെ ഓരോ വർഷവും കിട്ടിയ നികുതിയേതര വരുമാനം എത്ര വീതമായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly